# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ:  lfadtvm@yahoo.in

ഫോൺ :  0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.7/671/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 12/04/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.7/671/2021

തീയ്യതി: 12/04/2021

# തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി വാലന്റീന.എം (ഓഡിറ്റ് ഓഫീസർ)
ശ്രീമതി സ്വപ്ന.ആർ.കെ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ പ്രേംനാഥ്.ജി.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ സുജേഷ്.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ വിനുകുമാർ.പി.കെ (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നവപ്രകാശ്.എൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി സിന്ധു.ആർ.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജസ്സി അലക്സ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 30-01-2020 |
| ഡോ.രഞ്ജിനി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 31-01-2020 | 31-03-2020 |
| ഡോ.ബിന്ദു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.രമ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.അൻസീറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഇന്ദു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ രാധാകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ ഷാജി.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ മണിവർണ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അശ്വതി പ്രസാദ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സീമ.എസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-1 |
| 2 | ബജറ്റ് രൂപീകരണം സമയക്രമം പാലിച്ചില്ല<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-1-1 |
| 3 | ബജറ്റ് ഡോക്യുമെന്റ് സൂക്ഷിച്ചിട്ടില്ല<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-1-2 |
| 4 | പുതുക്കിയ ബജറ്റും വാർഷികധനകാര്യപത്രികയും പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ തമ്മിൽ അന്തരം<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-1-3 |
| 5 | വരുമാന വർദ്ധനവിന് ഉള്ള നിർദേശങ്ങൾ ബജറ്റിൽ വന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-1-4 |
| 6 | വാർഷികധനകാര്യപത്രിക<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-1 |
| 8 | ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകാതെ ചെലവ് ചെയ്തു<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-2 |
| 9 | ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-3 |
| 10 | നികുതി കുടിശ്ശികയെക്കാൾ കൂടുതൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തി<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-4 |
| 11 | ചെലവഴിക്കാത്ത സംയുക്തപ്രൊജക്ട് വിഹിതം തിരികെ ഒടുക്കിയില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-5 |

| | | |
|---|---|---|
| 12 | കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-6 |
| 13 | വിവിധ ഏജൻസികളിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Swapna R K (Asst. Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-7 |
| 14 | മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നില്ല<br>Written By: Swapna R K (Asst. Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-8 |
| 15 | VAT തുക സർക്കാറിൽ അടവാക്കിയില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-9 |
| 16 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-10 |
| 17 | മെയിന്റനൻസ് ഫണ്ട് റോഡ് ചെലവ് - ACR ഉം AFS ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-11 |
| 18 | ക്യാഷ് ബുക്കിൽ ക്രെഡിറ്റ് ബാലൻസ്<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-12 |
| 19 | അക്രൂവൽ വരുമാനത്തിന് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-13 |
| 20 | സാമ്പത്തിക വിശകലനം<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-3 |
| 21 | ഗ്രാന്റ് വിഹിതം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-4 |
| 22 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും ഇനം തിരിച്ചുള്ള വിവരം ഉൾപ്പെടുത്തിയിട്ടില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-4-1 |
| 23 | കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ - നീക്കിയിരിപ്പ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-4-2 |

| | | |
|---|---|---|
| 24 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും ഗ്രാന്റ് സ്റ്റേറ്റ്മെന്റും പ്രകാരമുള്ള ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-4-3 |
| 25 | സുലേഖ ചെലവ് പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പ്രകാരമുള്ള തുകകളും ഗ്രാന്റ് പത്രികയിലെ അലോക്കേഷനും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-4-4 |
| 26 | മേഖലാ തിരിച്ചുള്ള ചെലവ്, നീക്കിയിരിപ്പ് തുകകളായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുക സുലേഖ സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-4-5 |
| 27 | പദ്ധതി അവലോകനം<br>Written By: Swapna R K (Asst. Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-5 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Swapna R K (Asst. Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-6 |
| 29 | ക്ഷേമ പദ്ധതികളുടെ വിശദാംശം<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-7 |
| 30 | ക്യാഷ് പരിശോധന<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-9 |
| 32 | ടീച്ചേഴ്സ് ബാങ്ക്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്താനായില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-10 |
| 33 | കെട്ടിട നിർമ്മാണം ലൈസൻസിംഗ് അപാകതകൾ<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-11 |
| 34 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-11-1 |
| 35 | ലൈസൻസിംഗ് - ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല | 1-11-1 |

| | | |
|---|---|---|
| | Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | |
| 36 | സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം ക്രമപ്രകാരമല്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-12 |
| 37 | കായിക യുവജനക്ഷേമം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെടുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-13 |
| 38 | ദുരിതാശ്വാസ നിധി<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-14 |
| 39 | ബഡ്സ് സ്കൂൾ അടിസ്ഥാന സൌകര്യം- തുടർ നടപടികൾ കൈകൊള്ളേണ്ടതാണ്.<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-15 |
| 40 | വൃദ്ധജനങ്ങൾക്ക് കട്ടിൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-16 |
| 41 | സ്റ്റാൻഡിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സെക്രട്ടറിയുടെ/എക്സ് ഒഫിഷ്യോ സെക്രട്ടറിയുടെ ഹാജർ രേഖപ്പെടുത്തുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-17 |
| 42 | വിവരാവകാശ രജിസ്റ്റർ- പരിപാലനം ക്രമപ്രകാരമല്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-18 |
| 43 | വസ്തു നികുതി നിർണ്ണയം - അപാകതകൾ<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-19 |
| 44 | പെർമിറ്റ്, നികുതി നിർണയം എന്നിവയ്ക്ക് വെവ്വേറ ഫയലുകൾ സൂക്ഷിക്കുന്നു<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-19-1 |
| 45 | നികുതി നിർണയം- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-19-2 |
| 46 | മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് ലഭ്യമാക്കേണ്ടതാണ്<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-19-3 |
| 47 | | 1-19-4 |

| | | |
|---|---|---|
| | വസ്തു നികുതി ഫോറം 6, സഞ്ചയ എന്നിവയിൽ വ്യത്യസ്തമായ രേഖപ്പെടുത്തൽ<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | |
| 48 | മിസ്സിംഗ് നമ്പരുകൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-19-5 |
| 49 | എഫ്.റ്റി.ഇ ആന്റ് ഓ.എസ് ലൈസൻസ്-നടപടിക്രമങ്ങളിലെ വീഴ്ച<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20 |
| 50 | ലൈസൻസ് രജിസ്റ്ററും ട്രേഡേഴ്സ് ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20-1 |
| 51 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പരിപാലിച്ചിട്ടില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20-2 |
| 52 | മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20-3 |
| 53 | ലൈസൻസ് അപേക്ഷകളിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20-5 |
| 54 | അനുബന്ധ രേഖകൾ/സംവിധാനങ്ങൾ എന്നിവ ഉറപ്പ് വരുത്താതെ ലൈസൻസ് അനുവദിച്ച് നൽകി<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20-6 |
| 55 | സ്വകാര്യ ആശുപത്രികളുടെ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സമയബന്ധിതമായി പുതുക്കുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-21 |
| 56 | ജാഗ്രത സമിതി - പ്രവർത്തിക്കുന്നില്ല<br>Written By: Vinukumar P.K (Auditor, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-22 |
| 57 | പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയില്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-23 |

| | | |
|---|---|---|
| 58 | തൊഴിൽ നികുതി- രേഖകളുടെ പരിപാലനം ക്രമപ്രകാരമല്ല<br>Written By: SUJESH.S (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-24 |
| 59 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല<br>Written By: SUJESH.S (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-25 |
| 60 | ഐ.കെ.എം ന് വിഹിതം ഒടുക്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Swapna R K (Asst. Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-26 |
| 61 | ധനകാര്യ കമ്മിഷൻ വിഹിതം വകയിരുത്തി തയ്യാറാക്കിയ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി നടപ്പിലാക്കിയില്ല<br>Written By: Swapna R K (Asst. Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-27 |
| 62 | പാലിയേറ്റീവ് പ്രവർത്തനം - പോരായ്മകൾ<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-28 |
| 63 | ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ (IHDB) നിന്നുമുള്ള മരുന്ന് വാങ്ങൽ - വിലനിലവാരം KMSCL ഉം ആയി താരതമ്യം ചെയ്യുകയോ ഗുണ നിലവാരം ഉറപ്പാക്കുകയോ ചെയ്യുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-29 |
| 64 | മഴക്കാല പൂർവശുചീകരണം - നിർദേശങ്ങൾ പാലിക്കുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-30 |
| 65 | മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി വിവരം<br>Written By: SUJESH.S (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-31 |
| 66 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിൽ മുതൽക്കൂട്ടുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: VALANTEENA.M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് വിവരം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: VALANTEENA.M (Audit Officer, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: VALANTEENA.M (Audit Officer, On 31-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: VALANTEENA.M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തെ ബജറ്റ് 25-2-2019 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 17-3-2020 ലെ 6(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റ് രൂപീകരണം സമയക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടത്. നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ 15-1-2019 മുമ്പ് ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ 13-2-19ൽ മാത്രമാണ് പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുള്ളത്. എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുമില്ല.

### 1-1-2 ബജറ്റ് ഡോക്യുമെന്റ് സൂക്ഷിച്ചിട്ടില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് പ്രസംഗം, ബജറ്റ് കുറിപ്പുകൾ, ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും, പെർഫോമൻസ് ബജറ്റ് എന്നീ പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-3 പുതുക്കിയ ബജറ്റും വാർഷികധനകാര്യപത്രികയും പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ തമ്മിൽ അന്തരം

| | മുന്നിരിപ്പ് | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 23,75,540 | 17,24,25,121 | 17,48,00,661 | 17,36,06,868 | 11,93,793 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 7788502.77 | 5,72,05,770 | 6,49,94,272.77 | 5,64,51,996 | 8542276.77 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 വരുമാന വർദ്ധനവിന് ഉള്ള നിർദേശങ്ങൾ ബജറ്റിൽ വന്നില്ല

സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 ഉത്തരവ് പ്രകാരം എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| 31-7-2020 | 30-05-2020 | - | - |
|---|---|---|---|

## 1-2-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Total Cash Generated (A+B+C) തുകയും(3839123 /-രൂപ) Net Increase / Decrease In Cash And Cash Equivalents ലെ തുകയും (753774/-രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2-2 ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകാതെ ചെലവ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20ൽ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2019-20 വർഷത്തെ ഓണറേറിയം, വൈദ്യുതചാർജ്ജ്, ടെലഫോൺ ചാർജ് തുടങ്ങിയ ചെലവുകൾക്ക് 2020 എപ്രിൽ മാസത്തിൽ ചെലവ് ചെയ്തിട്ടുണ്ട്.

## 1-2-3 ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

Income & Expenditure Statement ലെ I-17(A) ൽ 2019-20 ലെ ആസ്തികളുടെ Depreciation കണക്കാക്കിയിട്ടില്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ പ്രകാരമുള്ള Accumulated Depreciation ആണ് തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-2-4 നികുതി കുടിശ്ശികയെക്കാൾ കൂടുതൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തി

2018-19 ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ), വസ്തുനികുതി (നോൺ റെസിഡൻഷ്യൽ) ഇനത്തിൽ തുകകൾ പിരിച്ചെടുക്കാനുണ്ടായിരുന്നില്ല. എന്നാൽ കുടിശ്ശിക ഇനത്തിൽ യഥാക്രമം 6226/-രൂപ, 290/-രൂപ പിരിച്ചെടുത്തതായി , RP ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നു.

## 1-2-5 ചെലവഴിക്കാത്ത സംയുക്തപ്രൊജക്ട് വിഹിതം തിരികെ ഒടുക്കിയില്ല

സംയുക്ത പ്രോജക്ട് വിഹിതമിനത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുക യഥാക്രമം 652067/-രൂപ, 367380/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക അതാത് സ്ഥാപനങ്ങളിൽ തിരിച്ചടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2-6 കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു

വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2019-20 ബാലൻസ് ഷീറ്റ് B 4ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| ഹെഡ് കോഡ് | തുക | റിമാർക്സ് |
|---|---|---|
| 320100121 | 313709 | ഐസിഡിഎസ് |
| 320200322 | 1071064 | ശുചിത്വമിഷൻ ഗ്രാന്റ് |
| 320200301 | 200000 | സ്പെസിഫിക് പർപ്പസ് - മറ്റ് ഏജൻസികൾ |

വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക അനുവദിച്ച് നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്.

## 1-2-7 വിവിധ ഏജൻസികളിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങളിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള യഥാക്രമം 12,20,132രൂപ, 76,180/-രൂപ എന്നീ തുകകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തതായി 2018-19 മുതലുള്ള ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദാംശം, (പ്രോജക്ട് നമ്പർ, വർഷം, തുക) നിലവിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഇവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (18/25-03-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-2-8 മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നില്ല

Advance To Implimenting Officers ഇനത്തിൽ 42,000/-രൂപയും Advance To Others ഇനത്തിൽ 3,89,727/-രൂപയും ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 7,200/-രൂപയും 2019-20 ബാലൻസ് ഷീറ്റ്, B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ശേഷിക്കുന്നുണ്ട്.

## 1-2-9 VAT തുക സർക്കാറിൽ അടവാക്കിയില്ല

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് (B-9 ഷെഡ്യൂൾ, ഹെഡ് കോഡ് 350300103) പ്രകാരമുള്ള VAT ഇനത്തിലെ തുകയായ 159/-രൂപ നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

## 1-2-10 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി 2019-20 ബാലൻസ് ഷീറ്റ്, B14ഷെഡ്യൂളിലെ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-11 മെയിന്റനൻസ് ഫണ്ട് റോഡ് ചെലവ് - ACR ഉം AFS ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിലെ ACR പ്രകാരമുള്ള ചെലവ് 39,77,327/-രൂപയാണ്. എന്നാൽ AFS ൽ പ്രസ്തുത ചെലവ് 33,77,477/-രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2-12 ക്യാഷ് ബുക്കിൽ ക്രെഡിറ്റ് ബാലൻസ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 25-4-2019 ൽ 6402/-രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

## 1-2-13 അക്രൂവൽ വരുമാനത്തിന് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട

മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷാരംഭത്തിലും പ്രതിമാസവും വസ്തു നികുതിക്ക് ഡിമാന്റ് ചെയ്തിട്ടില്ല. സാമ്പത്തിക വർഷാവസാനം 31-3-2020 ൽ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം/തീ |
|---|---|---|
| 110100101 | Property Tax On Residential Building | 41900241/31.032020 |
| 110100103 | Property Tax On Non Residential Building | 41900244/31.03.2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7788502.77 |
| വരവ് | 57205770 |
| ആകെ | 64994272.77 |
| ചെലവ് | 56451996 |
| നീക്കിയിരിപ്പ് | 8542276.77 |

## 1-4 ഗ്രാന്റ് വിഹിതം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സ് ആയ തുക (ക്യൂ ബിൽ ഉൾപ്പെടെ) | ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9040111 | 9040111 | 8192041 | 848070 | 526146 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11058529 | 11058529 | 8564335 | 2494174 | 1198897 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7207777 | 7207777 | 4083831 | 3123946 | 1441263 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7360000 | 7360000 | 3377477 ** | 3982523 ** | 1327050 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3252000 | 3252000 | 1822715 | 1429285 | 707980 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1440597 | 168000 | 1608597 | 537533 | 1071064 | |
| ഐ.സി.ഡി.എസ് | 84234 | 545969 | 630203 | 504043 | 126160 | |
| എൻ.ആർ.ഇ . ജി.എസ് | 39764 | 1228719 | 1268483 | 1267295 | 1188 | |
| ലൈഫ് സംസ്ഥാന വിഹിതം | 0 | 3800000 | 3800000 | 3600000 | 200000 | |

** ACR പ്രകാരം ചെലവ്, നീക്കിയിരിപ്പ് യഥാക്രമം 3977327/-രൂപയും 3382673/- രൂപയുമാണ്.

## 1-4-1 കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും

## ഇനം തിരിച്ചുള്ള വിവരം ഉൾപ്പെടുത്തിയിട്ടില്ല

കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും ഇനം തിരിച്ചുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4-2 കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ - നീക്കിയിരിപ്പ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു

2019-20 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും ഹെഡിൽ തുക ചെലവഴിക്കാൻ ശേഷിക്കുന്നുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഇനങ്ങളിലെ നീക്കിയിരിപ്പ് നെഗറ്റീവ് തുക (-316494, -4137533) ആയി കാണിച്ചിരിക്കുന്നു.

## 1-4-3 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും ഗ്രാന്റ് സ്റ്റേറ്റ്മെന്റും പ്രകാരമുള്ള ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2019-20 വർഷത്തെ പൊതുവിഭാഗം (ജനറൽ, എസ് സി പി) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | ACR | 8192041 |
| | Grant Statement | 8578162 |
| Development Fund (SCP) | ACR | 8564355 |
| | Grant Statement | 8990826 |

## 1-4-4 സുലേഖ ചെലവ് പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പ്രകാരമുള്ള തുകകളും ഗ്രാന്റ് പത്രികയിലെ അലോക്കേഷനും വ്യത്യാസപ്പെട്ടിരിക്കുന്നു

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സുലേഖ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ തുകകളും ഗ്രാന്റ് പത്രികയിലെ അലോക്കേഷനും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-4-5 മേഖലാ തിരിച്ചുള്ള ചെലവ്, നീക്കിയിരിപ്പ് തുകകളായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുക സുലേഖ സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ അവാർഡ്, റോഡ്, നോൺ റോഡ്, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, മറ്റ് ഫണ്ടുകൾ എന്നീ ഇനങ്ങളിൽ മേഖലാ തിരിച്ചുള്ള ചെലവ്, നീക്കിയിരിപ്പ് തുകകളായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുക സുലേഖ സ്റ്റേറ്റ്മെന്റിലെ (മേഖല തിരിച്ചുള്ളത്) തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 84175718 | 114 | 44203716 | - | 46 | 71% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39764 | 1228719 | 1268483 | 1267295 * | 1188 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13649427 | 13649427 | 13649427 | 0 |
| ആകെ | 39764 | 14878146 | 14917910 | 14916722 | 1188 |

* 12,67,295/- രൂപയിൽ 19080/-രൂപ തിരിച്ചടവ് വരുത്തിയ തുകയാണ്.

## 1-7 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 142440 | 162 |
| കർഷക തൊഴിലാളി പെൻഷൻ | 426600 | 11 |
| വിധവാപെൻഷൻ | 5250000 | 456 |
| വാർദ്ധക്യകാല പെൻഷൻ | 10109700 | 1707 |
| വികലാംഗ പെൻഷൻ | 1587000 | 137 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 15 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 164400 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-3-2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22342/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി കൃത്യത പാലിക്കേണ്ടതാണ്.

2)ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനത്തിന്റെയും സംക്ഷിപ്തങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നില്ല.

3)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 ടീച്ചേഴ്സ് ബാങ്ക്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്താനായില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0065/20 |
| പ്രോജക്റ്റിന്റെ പേര് | അദ്ധ്യാപക ബാങ്ക് രൂപീകരണം |
| അടങ്കൽ | 2,00,000/- |
| ചെലവ് | 62,000/- |
| ചെക്ക് നമ്പർ | 5840717 തീയതി 06-03-2020 |

ഗ്രാമപഞ്ചായത്തിലെ കെ.ജി.ജി.എൽ.പി.എസ്- താന്നിമൂട്, എച്ച്.എച്ച്.റ്റി.എം.യു.പി.എസ് പാലച്ചിറ, എം.എൽ.പി.എസ് പാലച്ചിറ എന്നീ സ്കൂളുകളിലേക്ക് ആവശ്യമായ അദ്ധ്യാപകരുടെ ഒരു കൂട്ടം രൂപീകരിക്കുന്നതിനും സർക്കാർ സ്കൂൾ അദ്ധ്യാപകർ ലീവ് എടുക്കുന്ന സാഹചര്യത്തിൽ ടി അദ്ധ്യാപകരെ പ്രസ്തുത ദിവസങ്ങളിലേക്ക് നൽകി പ്രതിദിനം 500 രൂപ നിരക്കിൽ വേതനം നൽകുന്നതിനുമായാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്.

02-06-2017 ലെ (സാധാ) നം. 1698/17/പൊ.വി.വ, 03-06-2019 ലെ ജി.ഓ(ആർ.ടി)നം. 2015/2019/ ജി.ഇ.ഡി.എൻ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റ്/ ഷോർട്ട് ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കെ-ടെറ്റ് യോഗ്യത നേടിയ/ഇളവ് ലഭിച്ചിട്ടുള്ള അദ്ധ്യാപകരെയാണ് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതെന്നും ഇവരുടെ അഭാവത്തിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി വേതനം ലഭിച്ച അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിലേക്ക് തെരഞ്ഞെടുത്തത് പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണോയെന്നത് സമർത്ഥിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പ്രസ്തുത സ്കൂളുകളിലെ ഏതൊക്കെ അദ്ധ്യാപകരുടെ ഒഴിവിലേക്കാണ് ഇവരെ തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. പ്രസ്തുത അദ്ധ്യാപകർക്ക് ലീവ് അനുവദിച്ച് നൽകിയതിന്റെ നടപടിക്രമം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/27-03-2021) മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് മാത്രം പ്രോജക്റ്റുകൾ നിർവ്വഹണം നടത്തേണ്ടതാണ്.

## 1-11 കെട്ടിട നിർമ്മാണം ലൈസൻസിംഗ് അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല. അനധികൃത കെട്ടിട നിർമ്മാണം നിയന്ത്രിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്.

## 1-11-1 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല

23/07/2018 ലെ നം.88/RD1/2018/തസ്വഭവ നമ്പർ ഉത്തരവ്, 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 എന്നിവ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ 15 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്. 15 ദിവസത്തിനകം തീർപ്പ് കൽപ്പിക്കാത്ത പക്ഷം പെർമിറ്റിന് കല്പിതാനുമതി ലഭിച്ചതായി കണക്കാക്കുന്നതും അപ്രകാരം കൽപ്പിതാനുമതി ലഭിക്കാനിടയായാൽ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണെന്നും

പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 വർഷം പെർമിറ്റ് അനുവദിച്ച് നൽകിയ ചുവടെ പരാമർശിക്കുന്ന അപേക്ഷകളിൽ പ്രസ്തുത സമയ പരിധി പാലിച്ചിട്ടില്ലെന്ന് കാണുന്നു.

| അപേക്ഷകന്റെ പേര്, ഫയൽ നമ്പർ | അപേക്ഷ ലഭിച്ച തീയതി | തീർപ്പാക്കേണ്ട തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|
| ശ്രീമതി.അനീഷ.എം.ബി A5-6189/19 | 18-11-2019 | 02-02-2019 | 09-02-2019 |
| ശ്രീമതി.ജഗദമ്മ A5-6809/19 | 27-12-2019 | 11-02-2019 | 25-01-2020 |
| ശ്രീ.ലാൽജീവ് A5-463/19 | 29-01-2020 | 13-02-2020 | 20-02-2020 |
| ശ്രീ.ഷൈനു.എസ് A5-763/19 | 15-02-2020 | 29-02-2020 | 18-03-2020 |
| ശ്രീ.സുൾഫിക്കർ അലി A5-1240/20 | 13-03-2020 | 28-03-2020 | 20-05-2020 |

പെർമിറ്റ് ഫീസ് ഒടുക്കുന്നതിൽ അപേക്ഷകൻ കാലതാമസം വരുത്തിയതിനാലാണ് സമയബന്ധിതമായി പെർമിറ്റ് അനുവദിക്കാൻ സാധിക്കാതെ വന്നതെന്ന് സെക്രട്ടറി വിശദീകരിക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 25/25-03-2021). എന്നാൽ ഇതിലേക്കായി അപേക്ഷകന് അയച്ച കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. വരും വർഷങ്ങളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-1 ലൈസൻസിംഗ് - ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല

ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം 129 ഉം റഗുലറൈസേഷന് ലഭിച്ച അപേക്ഷകളുടെ എണ്ണം 46 ഉം ആണ് (35.6%). അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ താരതമ്യേന വലിയ അളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25ന്റെ മറുപടി). അനധികൃത നിർമ്മാണം സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഫീൽഡ് സ്റ്റാഫിനെക്കൊണ്ട് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം ക്രമപ്രകാരമല്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 147-162 വരെയുള്ള വ്യവസ്ഥകൾ പ്രകാരം സ്റ്റോക്ക് ആന്റ് സ്റ്റോഴ്സിന്റെ പരിപാലനം കൃത്യമായി നടത്തിയിട്ടില്ല. താൽക്കാലിക സ്റ്റോക്ക് രജിസ്റ്ററിൽ (രജിസ്റ്റർ ഓഫ് റിക്കറിംഗ് ചാർജ്ജസ്) ആണ് 2016-17 മുതൽ 2019-20 വരെയുള്ള സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. 86/2010/ഫിൻ തീയതി 24-09-2010 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം ഹാർഡ് വെയർ/സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ

തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പരിപാലിച്ചിട്ടില്ലെന്ന് കാണുന്നു. ഓഫീസ് മേധാവി മാർച്ച് 31 ന് തങ്ങളുടെ പക്കലുള്ള സ്റ്റോക്ക് ആന്റ് സ്റ്റോഴ്സിന്റെ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/24-03-2021) ഹാർഡ് വെയർ /സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്റർ വരും വർഷങ്ങളിൽ പരിപാലിക്കുന്നതാണെന്ന് മറുപടി നൽകി. എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ കേരള ഫിനാൻഷ്യൽ കോഡ് അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-13 കായിക യുവജനക്ഷേമം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 17/19-20 |
| പ്രോജക്ടിന്റെ പേര് | യുവജനക്ഷേമം, കായികക്ഷേമം |
| അടങ്കൽ | 72372 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 72372 |
| നിർവ്വഹണം | അസി.സെക്രട്ടറി |

18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള യുവജനങ്ങളിൽ സ്പോർട്സ് ക്ലബുകളിൽ ഉള്ളവരെ കബഡി, ക്രിക്കറ്റ്, വോളി ബോൾ, ഫുട്ബോൾ എന്നീ ഇനങ്ങളിൽ ടൂർണമെന്റ് നടത്തി പഞ്ചായത്ത് തല ടീം രൂപീകരിച്ച് പരിശീലനം നൽകുന്നതിനായാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14-02-2018 ലെ ഖണ്ഡിക 7.6.2 പ്രകാരം ചുവടെ പരാമർശിക്കുന്ന വ്യവസ്ഥകൾ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

എ)പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി എന്നീ ഗെയിമുകൾക്ക് വെവ്വേറേ സെലക്ഷൻ കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്.

ബി)ജില്ല/സംസ്ഥാന സ്പോർട്സ് കൌൺസിൽ കോച്ചുകൾ, സർക്കാർ / എയ്ഡഡ് സ്കൂൾ, കോളേജ് കായിക അദ്ധ്യാപകർ, വിരമിച്ച അദ്ധ്യാപകർ/നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ല/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് , തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നല്കണം.

സി) കേരളോത്സവം ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും തയ്യാറാക്കേണ്ടതാണ്.

വിവിധ സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപകരാണ് ടീമുകൾക്ക് പരിശീലനം നൽകിയതെന്നും വരും വർഷങ്ങളിൽ കേരളോത്സവം ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളുടെയും സ്പോർട്സ് കലണ്ടർ തയ്യാറാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 16/24-05-2021ന്റെ മറുപടി). സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു മാത്രം വരും വർഷങ്ങളിൽ സമാനമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-14 ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിൽ രൂപീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇതിനായി സർവ്വീസ് സഹകരണ ബാങ്കിൽ 1107 നമ്പറിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ 2019-20 ൽ വരവൊന്നും ലഭിച്ചിട്ടില്ല. പലിശവരവ് ഉൾപ്പെടെയുണ്ടായിരുന്ന 25507/- രൂപയിൽ നിന്നും തൻവർഷം 6500/-രൂപ ചെലവഴിച്ചിട്ടുണ്ട്. 31-03-2020 ൽ പ്രസ്തുത അക്കൗണ്ടിൽ 19007/-രൂപ ബാലൻസ് നിൽക്കുന്നുണ്ട്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിച്ചും പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ബഡ്സ് സ്കൂൾ അടിസ്ഥാന സൌകര്യം- തുടർ നടപടികൾ കൈകൊള്ളേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 19/19-20 | |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ അടിസ്ഥാന സൌകര്യം-ശമ്പളം, ഭക്ഷണം,വാഹന വാടക മുതലായവ | |
| അടങ്കൽ | 400000 | വികസന ഫണ്ട്-ജനറൽ |
| | 200000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | 400000 | വികസന ഫണ്ട്-ജനറൽ |
| | 61930 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| നിർവ്വഹണം | അസി.സെക്രട്ടറി | |

പ്രസ്തുത പ്രോജക്ടിലൂടെ വാഹന വാടക, ഭക്ഷണത്തിനുള്ള ചെലവ്, ടീച്ചർമാരുടെ വേതനം എന്നിവയ്ക്കായാണ് പ്രസ്തുത പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്.

07-02-2018 ലെ ജി.ഓ(എം.എസ്)20/2018/തസ്വഭവ നമ്പർ ഉത്തരവിൽ ബഡ്സ് സ്കൂളിൽ ഓഡിയോളജി മുറി, ക്ലാസ് മുറി, ഫിസിയോ തെറാപ്പി മുറി, ശുചിമുറികൾ, ഒക്കുപ്പേഷണൽ തെറാപ്പി ആന്റ് കൌൺസലിംഗ് മുറി എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും കെട്ടിടത്തിൽ റാമ്പ്, റെയിൽ സൌകര്യം ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:8 എന്ന നിലയിൽ ക്രമീകരിക്കേണ്ടതാണെന്നും ആയ വിദ്യാർത്ഥി അനുപാതം 1:15 എന്ന നിലയിൽ ആയിരിക്കണമെന്നും വളരെ തീവ്രമായ വൈകല്യം ഉള്ള (ഓട്ടിസം, സെറിബ്രൽ പാൾസി) കുട്ടികൾ ഉണ്ടെങ്കിൽ അദ്ധ്യാപക

വിദ്യാർത്ഥി അനുപാതം 1:2 എന്ന നിലയിൽ ക്രമീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ.(എം.എസ്)148/09/തസ്വഭവ തീയതി 29.07.2017, സ.ഉ(കൈ)നം.144/13/തസ്വഭവ തീയതി 04-04-2013 എന്നിവയിലെ ബഡ്സ് സ്കൂൾ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം വകുപ്പുകൾക്ക് ബഡ്സ്/ബി.ആർ.സി അംഗീകാരം റദ്ദാക്കാവുന്നതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

02-05-2019 ൽ ചേർന്ന ഭരണ സമിതി V(1) നമ്പർ തീരുമാനപ്രകാരം ബഡ്സ് സ്കൂളിന് സ്വന്തമായി കെട്ടിടവും കളിസ്ഥലവും ഇല്ലെന്നും നിലവിൽ ഒരു അദ്ധ്യാപിക മാത്രമാണ് ഉള്ളതെന്നും (30 വിദ്യാർത്ഥികൾക്ക് -പ്രോജക്ട് ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം) വിലയിരുത്തുകയും ഈ അപര്യാപ്തതകളിൽ സാദ്ധ്യമായവ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരിഹരിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ നിലനിൽക്കെ ഇവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താതെ പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/24-03-2021) അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുമ്പോൾ മാത്രമേ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിക്കുന്നതുൾപ്പെടെ നല്ല രീതിയിൽ ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കാൻ സാധിക്കു എന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. സ്ഥലം കണ്ടെത്തി സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള സത്വര തുടർനടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-16 വൃദ്ധജനങ്ങൾക്ക് കട്ടിൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 06/19-20 |
| പ്രോജക്ടിന്റെ പേര് | വൃദ്ധജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 160000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 160000 |
| ബിൽ നമ്പർ | 31/30-01-2020 |
| നിർവ്വഹണം | അസി.സെക്രട്ടറി |

എസ്.സി.വിഭാഗത്തിൽപ്പെട്ടതും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതുമായ 60 വയസ്സിന് മേൽ പ്രായമുള്ള വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതാണ് പ്രോജക്ട്. 40 പേർക്ക് യൂണിറ്റൊന്നിന് 4000 രൂപ അടങ്കൽ കണക്കാക്കി കട്ടിൽ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത Ms/- ബ്രാൻഡ് ഇൻഡസ്ട്രീസ്, കഠിനംകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 18-09-2019 ൽ ചേർന്ന കമ്മിറ്റി 1(7) നമ്പരായി അംഗീകരിച്ചു. പ്രസ്തുത കമ്മിറ്റിയോഗത്തിൽ തന്നെ 1(8) നമ്പരായി Ms/- ബ്രാൻഡ് ഇൻടസ്ട്രീസ്, കഠിനംകുളം 3200 രൂപ ക്വോട്ട് ചെയ്തിരിക്കുന്നതിനാൽ ഈ ഇനത്തിൽ ലാഭിക്കുന്ന ടെണ്ടർ സേവിംഗ്സ് 32000 രൂപ പ്രയോജനപ്പെടുത്തി 10 കട്ടിൽ കൂടി ഗുണഭോക്താക്കൾക്ക് നൽകാൻ തീരുമാനിച്ചു. ഇതിൻപ്രകാരം 11-10-2019 ൽ Ms/- ബ്രാൻഡ് ഇൻടസ്ട്രീസിന് സപ്ലൈ ഓർഡർ നൽകി. 30-01-2020 ൽ തുക കൈമാറി.

വിതരണത്തിനായി ലഭിച്ച കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല സാധനത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. കട്ടിലിന്റെ ഗുണനിലവാരം (തടി ആഞ്ഞിലി ആണോയെന്നത് സംബന്ധിച്ച്) സാക്ഷ്യപ്പെടുത്തി നൽകാനാവശ്യപ്പെട്ട് 23-12-2019 ൽ എ3-01/09 നമ്പർ കത്ത് പ്രകാരം ഫോറസ്റ്റ് റേഞ്ച് ഓഫീസറോട് ആവശ്യപ്പെട്ടെങ്കിലും അതിന്റെ മറുപടി ലഭ്യമായില്ല. സമയ ബന്ധിതമായി കട്ടിൽ വിതരണം നടത്തേണ്ടതുണ്ടായിരുന്നതിനാലാണ് മേൽ അപാകതകൾ സംഭവിച്ചതെന്ന് അസി.സെക്രട്ടറി വിശദീകരിക്കുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ 13/24-03-2021). സ്റ്റോർ പർച്ചേസ് മാന്വലിലെയും

പ്രൊക്വയർമെന്റ് മാന്വലിലെയും നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് മാത്രം വരും വർഷങ്ങളിൽ സമാനമായ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-17 സ്റ്റാൻഡിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സെക്രട്ടറിയുടെ/എക്സ് ഒഫിഷ്യോ സെക്രട്ടറിയുടെ ഹാജർ രേഖപ്പെടുത്തുന്നില്ല

2000 ലെ കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ , ചട്ടം 16 ഉപചട്ടം 11 പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ രേഖപ്പെടുത്താൻ ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും കമ്മിറ്റിയുടെ തീരുമാനങ്ങൾ സെക്രട്ടറിയോ സെക്രട്ടറിയുടെ നിർദ്ദേശത്തിൻമേൽ 179-ാംവകുപ്പ് 11-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എക്സ് ഒഫീഷ്യോ സെക്രട്ടറിയോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് ബുക്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അറ്റൻഡൻസ് രജിസ്റ്ററിലും മെമ്പർമാരല്ലാതെ സെക്രട്ടറിയോ, എക്സ് ഒഫിഷ്യോ സെക്രട്ടറിയോ ഹാജർരേഖപ്പെടുത്തിയതായി കാണുന്നില്ല. 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 26 (എസ്.ആർ.ഓ നമ്പർ 1021/2003) എല്ലാ പഞ്ചായത്ത് യോഗങ്ങളിലും സെക്രട്ടറി നിർബന്ധമായും പങ്കെടുക്കേണ്ടതും തീരുമാന രജിസ്റ്ററിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്.

തുടർന്നുള്ള യോഗങ്ങളിൽ ഹാജർ രേഖപ്പെടുത്തുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 29/27-03-2021). കമ്മിറ്റി മിനിട്സുകളിൽ സെക്രട്ടറിയുടെ/ എക്സ് ഒഫിഷ്യോ സെക്രട്ടറിയുടെ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

## 1-18 വിവരാവകാശ രജിസ്റ്റർ- പരിപാലനം ക്രമപ്രകാരമല്ല

2019-20 വർഷം പരിപാലിച്ചിരുന്ന വിവരാവകാശ രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വാർഷിക ധനകാര്യ പത്രിക പ്രകാരം 214 രൂപ വിവരാവകാശ ഫീസിനത്തിൽ കളക്ട് ചെയ്തിട്ടുണ്ടെങ്കിലും ഏതൊക്കെ അപേക്ഷകളിന്മേലാണ് ഈടാക്കിയതെന്ന് വ്യക്തമല്ല.

ബി)ഭൂരിഭാഗം അപേക്ഷകളിലും വിഷയം, മറുപടി നൽകാൻ ചുമതലപ്പെട്ട സെക്ഷന്റെ നമ്പർ, മറുപടി നൽകേണ്ട തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല (ഉദാഹരണം ക്രമ നമ്പർ 27, 28, 29, 30)

സി) സെക്രട്ടറി കൃത്യമായ ഇടവേളകളിൽ രജിസ്റ്ററിന്റെ മേൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

ഡി) A8-1136/21, A8-1156/21, A8-1053/21 എന്നീ അപേക്ഷകൾ തീർപ്പ് കല്പിച്ചത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/27-03-2021) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ നിർദ്ദിഷ്ട 9 കോളങ്ങൾ ഉള്ള വിവരാവകാശ രജിസ്റ്റർ പരിപാലിച്ചു പോരേണ്ടതും സെക്രട്ടറി നിർദ്ദിഷ്ട ഇടവേളകളിൽ മേൽ പരിശോധന നടത്തേണ്ടതുമാണ്.

## 1-19 വസ്തു നികുതി നിർണ്ണയം - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ നികുതി നിർണയം സംബന്ധിച്ച ഫയലുകൾ, അസസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഫയൽ പരിപാലനം, നികുതി നിർണയം, അനുബന്ധ രേഖകളുടെ പരിപാലനം എന്നിവയിൽ അപാകതകൾ കണ്ടെത്തി. വിശദാംശങ്ങൾ ഉപഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-19-1 പെർമിറ്റ്, നികുതി നിർണയം എന്നിവയ്ക്ക് വെവ്വേറ ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയവയെല്ലാം ഒറ്റ ഫയലായി കൈകാര്യം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ആകെ പെർമിറ്റ് നൽകിയ ഫയലുകളിൽ 17എണ്ണം തെരഞ്ഞെടുത്ത് പരിശോധന നടത്തിയതിൽ ചുവടെപ്പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് വിവരങ്ങൾ, നികുതി നിർണയം എന്നിവ വ്യത്യസ്ത ഫയലുകളിലാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് ഫയലിന്റെ നമ്പർ | നികുതി നിർണയം നടത്തിയ ഫയൽ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|---|
| 1 | ശ്രീമതി വിനിത വില്യം, ജോസ് കോട്ടേജ് | A5-BA(88014)/18 | A5-3486/19 | X/333 A |
| 2 | ശ്രീ.സുരേഷ്, മൂലയിൽ വീട്, താന്നിമൂട് | A5-BA 4636/19 | A5-2929/19 | XI/62 B |
| 3 | ശ്രീ.അഖിൽ പ്രകാശ്, അരുണോദയം | A6-BA(80408)/17 | A5-3502/19 | VII/127 B |
| 4 | ശ്രീമതി മൊഹ്സീന, ചരുവിൽ വീട്, പാലച്ചിറ | A5-BA (3505)/18 | A5-2688/19 | II/241 A |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 26/26-03-2021) പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണയം എന്നിവ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപ്രകാരം ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19-2 നികുതി നിർണയം- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4) അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണയം നടത്തി വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ Updation നടത്തേണ്ടത്. എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | ശ്രീ.മുഹമ്മദ്, കളിയിൽ വീട് (A5-3113/19) | II/420 D | ഫോം 6 സൂക്ഷിച്ചിട്ടില്ല |
| 2 | ശ്രീമതി | IX/ 60 | 60 ചമീറ്ററിന് താഴെ ഉള്ള ഭവനം. നികുതി ഇളവിനുള്ള |

| | | | |
|---|---|---|---|
| | പത്മകുമാരി (A5- 3120/19) | B | സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 3 | ശ്രീമതി ബേബി ഗിരിജ (A5-3274/19) | IX/66 B | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല ഫോറം 2, ഫോറം 6 എന്നിവയിൽ രേഖപ്പടുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/25-03-2021) മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണയത്തിൽ ചട്ടങ്ങൾ പാലിക്കുന്നതിന് അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-19-3 മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് ലഭ്യമാക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളാക്കി തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന മാപ്പ് ലഭ്യമാക്കിയില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/25-03-2021) മറുപടി ലഭ്യമാക്കി. മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-19-4 വസ്തു നികുതി ഫോറം 6, സഞ്ചയ എന്നിവയിൽ വ്യത്യസ്തമായ രേഖപ്പെടുത്തൽ

സഞ്ചയ സ്റ്റേറ്റ്മെന്റ്, ഫോറം 6 എന്നിവയുടെ പരിശോധനയിൽ ചുവടെ പരാമർശിക്കുന്ന കെട്ടിങ്ങൾക്ക് വ്യത്യസ്ത നിരക്കിലുള്ള നികുതി നിർണയിച്ചിരിക്കുന്നു.

| ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | വസ്തു നികുതി | |
|---|---|---|---|
| | | ഫോറം 6 പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം |
| A5/30569 | ശ്രീമതി ബിന്ദു, കടമ്പൂർ വീട് | 574 | 546 |
| | | 28 | 28 |
| A5/3042/19 | ശ്രീമതി.വിജിത.വി.എസ് | 155 | 147 |
| | | 8 | 8 |

കെട്ടിട നികുതിയോടൊപ്പം ലൈബ്രറി സെസ് കൂടി കൂട്ടി എഴുതിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും വരും വർഷങ്ങളിൽ ഇത്തരം അപാകത ഉണ്ടാകാതെ സൂക്ഷിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 26/25-03-2021).

## 1-19-5 മിസ്സിംഗ് നമ്പരുകൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെപ്പറയുന്ന എണ്ണം മിസ്സിംഗ് നമ്പരുകൾ വിവിധ വാർഡുകളിലായി നിലനിൽക്കുന്നു.

| വാർഡിന്റെ പേര് | മിസ്സിംഗ് നമ്പരുകളുടെ എണ്ണം |
|---|---|
| I (അയന്തി) | 177 |
| II(പാലച്ചിറ) | 46 |
| III(വടശ്ശേരിക്കോണം) | 150 |
| IV(തെറ്റിക്കുളം) | 44 |
| V(നെല്ലേറ്റിൽ) | 301 |
| VI(അഞ്ചുമുക്ക്) | 26 |
| VII(ദളവാപുരം) | 37 |
| VIII([illegible]) | [illegible] |

| | |
|---|---|
| VIII(ചെറുന്നിയൂർ) | 141 |
| IX(ചക്കപൊയ്ക) | 25 |
| X(മുടിയക്കോട്) | 128 |
| XI(താന്നിമൂട്) | 19 |
| XII (വെണ്ണിക്കോട്) | 90 |
| XIII (കട്ടിംഗ്) | 14 |
| XIV (കല്ലുമുക്ക്) | 20 |

ഇതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/22-03-2021) മറുപടിയായി, നമ്പറിംഗ് വേളയിൽ പ്രധാന കെട്ടിടങ്ങളോട് ചേർന്നുള്ള അനുബന്ധ കെട്ടിടങ്ങൾക്കും നമ്പർ പതിച്ചിരുന്നുവെന്നും എന്നാൽ പ്രസ്തുത കെട്ടിടം പഞ്ചയാത്തിലെ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാൽ ഡാറ്റാ എൻട്രി നടത്തിയില്ലെന്നും വിശദീകരിച്ചിട്ടുണ്ട് . പ്രസ്തുത മറുപടി പരിഗണനാർഹമല്ല. അനുബന്ധ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയവ കണ്ടെത്തി ആവശ്യമായ സംഗതികളിൽ നികുതി നിർണയം നടത്തേണ്ടതാണ്. മേൽ പരാമർശിച്ച പട്ടിക പ്രകാരം I, III, V, VIII, X വാർഡുകളിൽ യഥാക്രമം 177, 150, 301, 141, 128 എന്നിങ്ങനെയാണ് മിസ്സിംഗ് നമ്പരുകളുടെ എണ്ണം എന്നത് നമ്പരിംഗിലും വസ്തു നികുതി നിർണയത്തിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള നീതീകരിക്കാനാകാത്ത വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-20 എഫ്.റ്റി.ഇ ആന്റ് ഓ.എസ് ലൈസൻസ്- നടപടിക്രമങ്ങളിലെ വീഴ്ച

ലൈസൻസ് അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കൽ, ഫീസ് ഈടാക്കൽ, വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിക്കൽ, ലൈസൻസ് അനുവദിച്ച് നൽകൽ എന്നീ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഉപഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-20-1 ലൈസൻസ് രജിസ്റ്ററും ട്രേഡേഴ്സ് ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 231 സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ ചുവടെച്ചേർക്കും പ്രകാരം 330 സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| I | 25 |
| II | 85 |
| III | 17 |
| IV | 15 |
| V | 9 |
| VI | 16 |
| VII | 39 |
| VIII | 30 |
| IX | 29 |
| X | 21 |
| XI | 16 |

| | |
|---|---|
| XII | 12 |
| XIII | 11 |
| XIV | 5 |
| ആകെ | 330 |

ഒരു സ്ഥാപനം അടുത്തടുത്തുള്ള ഒന്നിലധികം കെട്ടിട നമ്പരുള്ള കടമുറികളിലായി പ്രവർത്തിക്കുന്നത് വാർഡ് സ്റ്റാഫ് കെട്ടിട നമ്പരിന്റെ അടിസ്ഥാനത്തിൽ ഒന്നിലധികം പ്രാവശ്യം ട്രേഡേഴ്സ് ലിസ്റ്റിൽ എൻട്രി വരുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നമ്പർ 10/24-03-2021) . പ്രസ്തുത മറുപടി പരിഗണനാർഹമല്ല. പ്രസ്തുത അപാകത പരിഹരിച്ച് വരും വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-20-2 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പരിപാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| വാർഡ് നമ്പർ കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| V/253 B | ശ്രീ.സുനിൽ ബർണാബ്, ഷോളറ്റ് ബാബു | സ്റ്റേഷനറി വ്യാപാരം |
| VI/123, 124 | ശ്രീമതി ഷംന, ചരുവിള വീട് | സ്റ്റേഷനറി വ്യാപാരം |
| VI/311 A | ശ്രീ. ശ്രീ. ഷാനവാസ്, ഷംന മൻസിൽ | സ്റ്റേഷനറി |
| VII/182 C | ശ്രീ. മോഹനൻ പിള്ള,വീണാസ് | സ്റ്റേഷനറി |
| VII/178 B | ശ്രീ.രാജേഷ് | ഡിഷ് സർവ്വീസ് സെന്റർ |
| XIV/206 | ശ്രീ.ഹരിദാസ്, ഗുരുശ്രീ നിവാസ് | സ്റ്റേഷനറി ഷോപ്പ് |
| XIV/289 | ശ്രീ.രാജേഷ് | സ്റ്റേഷനറി ഷോപ്പ് |
| XIV/290 | ശ്രീ.രാജേഷ് | സ്റ്റേഷനറി ഷോപ്പ് |

പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നുള്ള ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24-03-2021) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ഫീൽഡ് സ്റ്റാഫിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-20-3 മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഇതു പ്രകാരം സംരംഭങ്ങളെ മൈക്രോ, മീഡിയം, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷം ഭൂരിഭാഗം അപേക്ഷകളിലും ലൈസൻസ് ഫീസ് ഈടാക്കിയത് വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10) മൂലധന

നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങളെ തരം തിരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ അപ്രകാരം തന്നെ ഫീസ് ഈടാക്കേണ്ടതാണ്.

## 1-20-5 ലൈസൻസ് അപേക്ഷകളിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 (3) പ്രകാരം ലൈസൻസ് അനുമതിക്കായുള്ള അപേക്ഷ സെക്രട്ടറിക്ക് ലഭ്യമായി 15 ദിവസത്തിനകം ഏതെങ്കിലും ഉത്തരവ് അപേക്ഷകന് നൽകിയില്ലെങ്കിൽ നിയമത്തിനും ചട്ടങ്ങൾക്കും ബൈലോകൾക്കും മറ്റ് നിബന്ധനകൾക്കും വിധേയമായി അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിലേക്ക് അനുമതി ലഭിച്ചതായി കണക്കാക്കപ്പെടുന്നതാണ്. എന്നാൽ ചുവടെ പരാമർശിക്കപ്പെടുന്ന അപേക്ഷകളിൽ സമയ പരിധി പാലിച്ചിട്ടില്ല.

| അപേക്ഷ തീയതി (ഫയൽ നമ്പർ) | അപേക്ഷകന്റെ പേര് | ലൈസൻസ് അനുവദിച്ച് നൽകിയ തീയതി |
|---|---|---|
| A5-2097/19<br>21-03-2019 | ശ്രീ.ഷറഫുദ്ദീൻ, ഷില്ല മൻസിൽ | 02-05-2019 |
| A5-2660/19<br>30-04-2019 | ശ്രീ.ഡി.രാജേന്ദ്രൻ, ഭാനുമതി ഭവൻ | 11-06-2019 |

ഫീസ് ഒടുക്കുന്നതിലെ കാലതാമസം മൂലമാണ് സമയബന്ധിതമായി നടപടി കൈക്കൊള്ളാൻ സാധിക്കാതെ വന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ10/24-03-2021) . എന്നാൽ ഇത് സമർത്ഥിക്കുന്ന രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ലൈസൻസ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണ്.

## 1-20-6 അനുബന്ധ രേഖകൾ/സംവിധാനങ്ങൾ എന്നിവ ഉറപ്പ് വരുത്താതെ ലൈസൻസ് അനുവദിച്ച് നൽകി

വ്യവസായ സംരംഭങ്ങൾക്ക് ഫയർ ഫോഴ്സ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫുഡ് കമ്മീഷണറേറ്റ് മുതലായ അധികാര കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രങ്ങളുടെ കാലാവധി ലൈസൻസ് അനുവദിച്ച് നൽകിയ കാലാവധിക്കുള്ളിൽ അവസാനിക്കുന്ന പക്ഷം പുതുക്കിയ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കണമെന്ന വ്യവസ്ഥ ചുവടെ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല.

| ഫയൽ നമ്പർ, തീയതി | അപേക്ഷകരുടെ പേര്, വിലാസം | വ്യാപാര സ്ഥാപനം | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| A5-1606/19<br>27-02-2019 | ശ്രീമതി പി.ശോഭന, പത്മവിലാസം | വെൽഡിംഗ് വർക്ക് ഷോപ്പ് | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30-04-2019 ൽ അവസാനിച്ചു. |
| A5/1460<br>12-07-2019 | ശ്രീ.ബി.അനിൽകുമാർ, ചാവടി പുത്തൻവീട് | ഹോട്ടൽ | ഫുഡ് കമ്മീഷണറുടെ അനുമതി പത്രത്തിന്റെ കാലാവധി 12-07-2019 ൽ അവസാനിച്ചു |
| A5/1992/19<br>30-09-2019 | ശ്രീ.ജേക്കബ്.പി ഇടത്തട്ടിൽ വാറുവിള | താബൂക്ക് നിർമ്മാണം | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം 30-09-2019 ൽ അവസാനിച്ചു. |
| A5-1603/19<br>27-02-2019 | ശ്രീ.ഹരിലാൽ, കാട്ടുവിള വീട് | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് | 1948 ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്ന വർക്ക് ഷോപ്പുകൾക്ക് വെന്റിലേഷൻ, വെളിച്ചം, മുറികളുടെയും കതകുകളുടെയും വലിപ്പം, അഗ്നിരക്ഷ സംവിധാനം എന്നിവ സംബന്ധിച്ച് ഫാക്ടറീസ് ഇൻസ്പെക്ടറുടെയോ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെയോ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരമുള്ള റിപ്പോർട്ട് അപേക്ഷയിൽ ഉള്ളടക്കം ചെയ്യുകയോ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/24-03-2021) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പുതുക്കിയ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മോട്ടാർ വാഹന വർക്ക് ഷോപ്പുകൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോൾ ഫാക്ടറീസ് ഇൻസ്പെക്ടറുടെയോ ഇൻഡസ്ട്രിയൽ രജിസ്ട്രേഷൻ ഓഫീസറുടെയോ റിപ്പോർട്ട് ആവശ്യപ്പെടുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥാപനം പ്രവർത്തിപ്പിക്കുവാനാ വശ്യമായ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിച്ചശേഷം മാത്രം വരും വർഷങ്ങളിൽ ലൈസൻസുകൾ നൽകുവാൻ/പുതുക്കി നൽകുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സ്വകാര്യ ആശുപത്രികളുടെ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സമയബന്ധിതമായി പുതുക്കുന്നില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ഫോറം നമ്പർ 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ കാലാവധി അവസാനിച്ച് തുടർന്ന് സ്ഥാപനം നടത്തുന്ന പക്ഷം സ്ഥാപന ഉടമ കുറ്റസ്ഥാപനത്തിന്മേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ 2018-19 വർഷം പ്രവർത്തിച്ചിരുന്ന ചുവടെ പറയുന്ന സ്ഥാപനത്തിന്റെ ലൈസൻസ് 2019-20ൽ യഥാസമയം ലൈസൻസ് പുതുക്കിയിട്ടില്ല.

| സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ | ലൈസൻസ് പുതുക്കി |
|---|---|---|

| | പേര് | നൽകിയ തീയതി |
|---|---|---|
| ഷാനി.എ.ബദറുദ്ദീൻ, ഇർഷാദ് മൻസിൽ, പാലച്ചിറ | ഫോക്കസ് ഡയഗ്നോസ്റ്റിക്സ് | 12-06-2019 |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/24-06-2021) മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-22 ജാഗ്രത സമിതി - പ്രവർത്തിക്കുന്നില്ല

ജാഗ്രത സമിതി മാർഗരേഖ സ.ഉ (എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം(എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം.

രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കണം. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ , ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഇത്തരം പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. ആയതിനാൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 27/27-03-2021) മറുപടി ലഭ്യമാക്കിയില്ല.

ജാഗ്രത സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയില്ല

29-01-2018 ലെ സർക്കാർ ഉത്തരവിലെ [നമ്പർ (കൈ)11/2018/തസ്വഭവ] ഖണ്ഡിക 6.7 പ്രകാരം ആസ്തി സംരക്ഷണം സംബന്ധിച്ച് ചുവടെപരാമർശിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എ)മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ബി) സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലാവരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഓ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം.

ഇതിലേക്കായി ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിതിന്റെ വിശദാംശം

രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/10-03-2021) മേൽ പരാമർശിച്ച നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഇത് ഒരു പ്രത്യേക പദ്ധതിയായി നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.
ആസ്തി സംരക്ഷണ പദ്ധതികൾക്ക് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 തൊഴിൽ നികുതി- രേഖകളുടെ പരിപാലനം ക്രമപ്രകാരമല്ല

2019-20 വർഷം തൊഴിൽ നികുതി സംബന്ധിച്ച രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
എ)കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സമഗ്രമായ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
ബി)ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 300 സ്ഥാപനങ്ങൾ നിലവിലുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 201 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 57 സ്ഥാപനങ്ങളുടെ വിശദാംശം മാത്രമാണുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
വരും വർഷങ്ങളിൽ രജിസ്റ്ററുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നമ്പർ 23). രജിസ്റ്ററുകളുടെ പിരപാലനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല

2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-20 പ്രകാരം ചുവടെ പരാമർശിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ കുടിശ്ശിക നിലനിൽക്കുന്നതായി പരാമർശിച്ചിരുന്നു. സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ തൻവർഷവും പ്രസ്തുത ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ ബാക്കി നിൽക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം, കെട്ടിട നമ്പർ | വസ്തു നികുതി കുടിശ്ശിക | കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|
| 1 | വൊഡാഫോൺ എസ്സാർ സെല്ലുലാർ (II/ IUA) | 78624 @7 = 550368 | 2013-14 മുതൽ 2019-20 വരെ |
| 2 | ബി.എസ്.എൻ.എൽ (XII/155) | 9674 @ 7= 67718<br>896 @ 2 = 1792 | 2011-12 മുതൽ 2019-20 വരെ |
| 3 | ബി.എസ്.എൻ.എൽ (XII/ 155 A) | 897 @ 3 = 2691<br>17718 @ 7 = 124026 | 2010-11 മുതൽ 2019-20 വരെ |
| 4 | ഡിഷ്നൈറ്റ്, ഗീതാഞ്ജലി ബിൽഡിംഗ് (XIV/ 75) | 448 @ 2 = 896<br>26628 @7 = 186396 | 2011-12 മുതൽ 2019-20 വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/22-03-2021) പ്രസ്തുത ടവറുടമകളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അതിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഐ.കെ.എം ന് വിഹിതം ഒടുക്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2019-20സാമ്പത്തിക വർഷം IKMന് 50000രൂപ പഞ്ചായത്ത് വിഹിതമായി ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല.

| പ്രോജക്ട് നമ്പർ/പേര് | ചെലവ് | ബിൽ നം/ ചെക്ക് നം, തീയതി |
|---|---|---|
| S05/20 – IKMവിഹിതം അടയ്ക്കൽ (വി.ഹ ജനറൽ50000) | 50000 | 7/ 1.8.19 |

ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ്തടസ്സപ്പെടുത്തുന്നു.

## 1-27 ധനകാര്യ കമ്മിഷൻ വിഹിതം വകയിരുത്തി തയ്യാറാക്കിയ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി നടപ്പിലാക്കിയില്ല

പൈപ്പ് ലൈൻ നിലവിലില്ലാത്ത പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും, ആവശ്യത്തിന് ജല ലഭ്യത ഇല്ലാത്ത പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പ് ലൈൻ വ്യാസം കൂട്ടുന്നിലേക്കുമായി ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്ന് 14,64,873 രൂപ അടങ്കൽ വകയിരുത്തി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട്, പദ്ധതി നിർവഹണത്തിലെ പിഴവ് മൂലം നടപ്പിലാക്കാതെ ഉപേക്ഷിക്കേണ്ടിവന്നു. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ വാട്ടർഅതോറിട്ടിക്ക് തൻവർഷം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കൈമാറാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത പ്രോജക്ട് അടുത്ത സാമ്പത്തിക വർഷവും നടപ്പിലാക്കിയില്ല. പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കാതെ ഉപേക്ഷിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം15/24.2.21 ) ചുവടെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിരിക്കുന്നു.

പ്രസ്തുത തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിലേക്കായി മാർച്ച്2020 ൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചെങ്കിലും ക്യൂ ബിൽ ആയി 2020-21ലേക്ക് ക്യാരി ഓവറായി. അടുത്ത സാമ്പത്തികവർഷം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി ലഭിച്ച തുക(1441200/-)അപര്യാപ്തമായതിനാൽ പ്രസ്തുത ക്യൂ ബിൽ ട്രഷറിയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. ധനകാര്യകമ്മിഷൻ വിഹിതം വകയിരുത്തി തയ്യാറാക്കിയ മറ്റ് പ്രോജക്ടുകളുടെ ബില്ലുകൾ മാറുകയും, തുടർന്ന് രണ്ടാം ഗഡു, മൂന്നാം ഗഡു അനുവദിച്ചപ്പോഴെല്ലാം തുക അപര്യാപ്തമാകുന്ന സാഹചര്യത്തിൽ മേൽ പ്രോജക്ട് പ്രകാരമുള്ള തുക മാറാൻ കഴിഞ്ഞില്ല. പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ ഉൾപ്പെടുത്തി വാട്ടർ അതോറിട്ടിയുമായി സഹകരിച്ച്" ജലജീവൻ മിഷൻ പദ്ധതി" ആവിഷ്കരിച്ചിരിക്കുന്നതിനാൽ മേൽ പ്രോജക്ട് ഉപേക്ഷിക്കുകയാണ് ഉണ്ടായത് (15.1.2020 ലെ 2(8) നം ഭരണ സമിതി തീരുമാനം).

പ്രോജക്ട് നിർവഹണത്തിനായി നിർവഹണഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവഹണ പരിപാടി തയ്യാറാക്കുകയും, തുടർന്ന് എല്ലാ പ്രോജക്ടുകളുടെയും നിർവഹണ പരിപാടികൾ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവഹണ പദ്ധതി തയ്യാറാക്കി നിർവഹണ പുരോഗതി വിലയിരുത്തേണ്ടതുമാണ്[സ.ഉ(കൈ )നം.11/2018/ത.സ്വ.ഭ.വ, തീ.29.1.2018, ഖ11.1]. സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-28 പാലിയേറ്റീവ് പ്രവർത്തനം - പോരായ്മകൾ

2015 ലെ പാലിയേറ്റീവ് മാർഗരേഖയിൽ മാറ്റങ്ങൾ വരുത്തി സ.ഉ(സാധാ)നം.553/2019/തസ്വഭവ തീയതി 07-03-2019 പ്രകാരം പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

1.ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ രോഗിയുടെയും പ്രശ്നങ്ങളും പരിചരണവും ചർച്ച ചെയ്യുന്നതിന് സബ്സെന്റർ പരിധിയിൽ കൂടുന്നുണ്ടെങ്കിലും എല്ലാ വാർഡിലും വാർഡ്തല ആരോഗ്യ അവലോകന സമിതി രൂപീകരിച്ചിട്ടില്ല. വാർഡ് തലത്തിൽ കൂടുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (28/27-03-2021)മറുപടി ലഭിച്ചു.

2.പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. 2019-20 വർഷം 5-10-19, 1-2-2020, 2-3-2020, 7-3-2020 എന്നീ തീയതികളിലായി 4 തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

3.മാർച്ച് 1ന് നടന്ന കുടുംബസംഗമത്തിന്റെ റിപ്പോർട്ട് 5-10-2019 നാണ് അവതരിപ്പിച്ചിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിക്കുന്നില്ല.

4.ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യപ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ കൂടുന്നില്ല. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്.

പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ തൊഴിൽ പരിശീലനങ്ങളും തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഉൾപ്പെടുത്തിയിട്ടില്ല.

5.ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും പാലിയേറ്റിവ് കെയർ പ്രത്യേക ഇനമായി ചർച്ച ചെയ്യേണ്ടതും ഭരണസമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നില്ല.

മേൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകളെല്ലാം പരിഹരിക്കും എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (28/27-03-2021)മറുപടി ലഭിച്ചത്. ആയത് പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-29 ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ (IHDB) നിന്നുമുള്ള മരുന്ന് വാങ്ങൽ - വിലനിലവാരം KMSCL ഉം ആയി താരതമ്യം ചെയ്യുകയോ ഗുണ നിലവാരം ഉറപ്പാക്കുകയോ ചെയ്യുന്നില്ല</u>

ക്രമ നം.I

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പാലിയേറ്റീവ് കെയർ (S044/20) |
| വകയിരുത്തൽ | 700000 (500000 – വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് -200000) |
| ചെലവ് | 700000 (500000 – വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് -200000) |

ക്രമ നം.II

| | |
|---|---|
| പ്രോജക്ട് പേര്, നമ്പർ | പി എച്ച് സി യ്ക്ക് മരുന്ന് വാങ്ങൽ (S052/20) |
| വകയിരുത്തൽ | 400000 (വികസനഫണ്ട്) |
| ചെലവ് | 400000 (ബിൽ നം. 7/10-10-19) |

പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കും പി എച്ച് സി യ്ക്കും വേണ്ടി ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ (IHDB) നിന്നുമാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. എന്നാൽ മരുന്ന് വാങ്ങലിൽ ആയതിന്റെ വിലനിലവാരം താരതമ്യം ചെയ്യുകയോ ഗുണ നിലവാരം ഉറപ്പാക്കുകയോ ചെയ്യുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.ജി ഒ (എം എസ്)22/2018 ത സ്വ ഭ വ, തീയതി 14-02-2018 ഖണ്ഡിക 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ (KMSCL) നിന്നുമാണ് ആരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടി മരുന്ന് വാങ്ങേണ്ടത്. എന്നാൽ KMSCL ന്റെ 'നോൺ അവൈലബിലിറ്റി ' സർട്ടിഫിക്കറ്റിൻ പ്രകാരം SATHHES യുടെ കീഴിലുള്ള In House Drug Bank (IHDB) ൽ നിന്നുമാണ് ആശുപത്രിയിലേയ്ക്കാവശ്യമായ മരുന്ന് വാങ്ങിയിരിക്കുന്നത്. മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. നിലവിൽ NAC യിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഒപ്പ് പതിക്കാറില്ലെന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് വേണ്ടി Store Verificaton Officer ആണ് NAC നൽകുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( 36/29-03-2021) മറുപടി ലഭിച്ചു. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്ന് വാങ്ങാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

2. സ.ഉ.(സാ.ധാ) നം.2230/2018/ ആ.കു.വ തീയ്യതി 10-7-2018പ്രകാരം കേരളമെഡിക്കൽ സർവീസസ് കോർപ്പറേഷനൊപ്പം വിലക്കുറവും ഗുണമേന്മയുള്ളതുമായ മരുന്നുകൾ IHDB യിൽ ലഭ്യമാണെങ്കിൽ സാധാരണ പർച്ചെയ്സ് റൂൾ പാലിച്ചുകൊണ്ട് വാങ്ങുന്നതിന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആശുപത്രികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ ചുവട് പിടിച്ച് KMSCL ന്റെ 'നോൺ അവൈലബിലിറ്റി ' സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ IHDB ൽ നിന്നും മരുന്ന് വാങ്ങി. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വിലനിലവാരം KMSCL ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ IHDB ൽ നിന്നും വാങ്ങിയ മരുന്നുകളുടെ വിലയുമായി താരതമ്യം ചെയ്യാൻ കഴിയുന്നില്ല. മാത്രമല്ല IHDB ൽ നിന്നും വാങ്ങിയ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുമില്ല. 'KMSCL ൽ നിന്നും നൽകുന്ന NAC യ്ക്ക് വിലനിലവാരം ലഭ്യമാക്കിയ IHDB യിൽ നിന്നും ലഭിക്കുന്നത് ഗുണനിലവാരമുള്ളവ എന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത് ' എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചത്. ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വിലനിലവാരം KMSCL ലഭ്യമാക്കിയിട്ടില്ലാത്തതിനാലും മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്താത്തതിനാലും പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

3.IHDB യിൽ നിന്നും വാങ്ങുന്ന മരുന്നുകളിൽ Not For Sale, Only For Government Purpose എന്നീ മുദ്രണങ്ങൾ രേഖപ്പെടുത്താത്തതിനാൽ ( അവലംബം ഓഡിറ്റ് എൻക്വയറി 36 ന് ലഭിച്ച മറുപടി) വാങ്ങുന്ന മരുന്നുകൾ ദുരുപയോഗം ചെയ്യാൻ സാധ്യത ഉണ്ട്.

4. പി എച്ച് സി സമർപ്പിച്ച 28-6-2019 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ക്രമ നം. 2 പ്രോജക്ടിലേയ്ക്കായി മരുന്ന് വാങ്ങുന്നതിന് KMSCL നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയെങ്കിലും സർട്ടിഫിക്കറ്റിന്റെ റിമാർക്സ് കോളത്തിൽ (5ാം കോളം) ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ Available ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കറ്റിന്റെ Foot Note ആയി പഞ്ചായത്ത് പ്രോജക്ടുകൾക്ക് KMSCL മരുന്ന് വിതരണം നടത്തുകയില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. KMSCL വഴി വിവിധ ഫണ്ടുകൾ ഉപയോഗിച്ചോ പ്രോജക്ട് വെച്ചോ വാങ്ങുന്ന മരുന്നുകൾ KMSCL ൽ നിന്നും ലഭ്യമല്ല എന്നാണ് ഉദ്ദേശിക്കുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (36/29-03-2021) മറുപടി ലഭിച്ചത്. Available ആയ മരുന്നുകൾക്ക് Non Availability Certificate നൽകുന്നതിലെ അനൗചിത്യം അധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ വിഷയം ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവശുചീകരണം - നിർദേശങ്ങൾ പാലിക്കുന്നില്ല

മഴക്കാല പൂർവശുചീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകൾക്ക് ഓരോ വാർഡിനും 10,000/-രൂപ വീതം 1,40,000/-രൂപ വൗച്ചർ നം. 21900103/16-05-2019, ചെക്ക് നം. 819266/16-05-19 പ്രകാരം മെഡിക്കൽ ഓഫീസർ പി എച്ച് സി യ്ക്ക് നൽകിയിട്ടുണ്ട്. മഴക്കാലപൂർവ ശുചീകരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നം 178649/ഡി.സി/2015/ത.സ്വ.ഭ.വ തീയതി 23-04-2015 , 17/ഡി സി/1/18/ത.സ്വ.ഭ.വ തീയതി 22-01-2018 എന്നിവ പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് തല ശുചിത്വ കൂട്ടായ്മകളുടെ സംഘാടനം, ശുചിത്വ സ്ക്വാഡ് രൂപീകരണം, വാർഡ്തല ശുചിത്വ മാപ്പിംഗ്, പഞ്ചായത്ത് തല കർമ്മ പരിപാടി, ഡ്രൈ ഡേ സന്ദേശം നൽകൽ, ബോധവൽക്കരണ പ്രവർത്തനങ്ങളുടെ സംഘാടനം തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം പ്രവർത്തനങ്ങൾ നടത്തിയതായി ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടില്ല.

ഓരോ വാർഡിലും ഓട കോരി വൃത്തിയാക്കൽ, കാട് വെട്ടിത്തെളിക്കൽ, കുളം വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നിർവഹിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. സർക്കാർ നിർദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.41/30-03-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗനിർദേശങ്ങൾക്കനുസൃതമായി പ്രവൃത്തികൾ നിർവഹിക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-31 മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി വിവരം

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ചുവടെ പറയും പ്രകാരം പരാമർശങ്ങൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | തീർപ്പാക്കാൻ ബക്കി നിൽക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|
| 2000-01 | 1 |
| 2004-05 | 2 |
| 2006-07 | 4 |

| | |
|---|---|
| 2007-08 | 5 |
| 2008-09 | 3 |
| 2010-11 | 4 |
| 2012-13 | 1 |
| 2013-14 | 3 |
| 2014-15 | 3 |
| 2015-16 | 16 |
| 2016-17 | 19 |
| 2017-18 | 36 |
| 2018-19 | 30 |
| ആകെ | 127 |

ആയതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/30-03-2021) മറുപടി ലഭ്യമാക്കിയില്ല.

## 1-32 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക (B7 ഷെഡ്യൂൾ), ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനങ്ങളിൽ കാലഹരണപ്പെട്ട ചുവടെ പറയുന്ന തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.

| Item | Period | തുക |
|---|---|---|
| Contractors EMD | 5-2-13 മുതൽ 13-3-17 വരെ | 45082 |
| Suppliers EMD | 19-11-16 | 3750 |
| Bidders EMD | 7-3-15 മുതൽ 23-3-17 വരെ | 2600 |
| Contractors SD | 1-11-14 മുതൽ 11-11-14 വരെ | 4050 |
| Suppliers SD | 5-2-17 | 2500 |
| Contractors Retension | 21-6-14 മുതൽ 31-3-15 വരെ | 22357 |
| Rent Deposit | 20-8-16 മുതൽ 19-9-16 വരെ | 7845 |

കാലഹരണപ്പെട്ട തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | 25000 | ജൈവ സമൃദ്ധി-തരിശുഭൂമിയിലെ കൃഷി | 25000 | 0 |
| | | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | | 404412 | ലൈഫ് വീട് ( ജനറൽ) | 404412 | 0 |
| | | | 674886 | ലൈഫ് വീട് (എസ് സി പി ) | 399859 | 275027 |
| | | | 100000 | അംഗനവാടി പോഷകാഹാരം | 100000 | 0 |
| | | | 220875 | സ്നേഹസ്പർശം | 156875 | 64000 |
| | | | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | | | 50000 | ക്ഷീര സമൃദ്ധി ജനറൽ | 50000 | 0 |
| | | | 100000 | ക്ഷീര സമൃദ്ധി വനിത | 100000 | 0 |
| | | | 100000 | ബഡ്സ് സ്കൂൾ - അടിസ്ഥാന സൗകര്യം | 61930 | 38070 |
| | | | 1925173 | | 1548076 | 377097 |
| | | 274970 | ചെലവ് ഇല്ല | | | 274970 |
| ആകെ | | 274970 | 1925173 | | 1548076 | 652067 |
| ജില്ലാ പഞ്ചായത്ത് | 2019-20 | | 26400 | ഹരിത ഭവനം | 26400 | 0 |
| | | | 190231 | ലൈഫ് വീട് ( ജനറൽ) | 190231 | 0 |
| | | | 1120000 | ലക്ഷം വീട് -ഇരട്ടവീട് ഒറ്റവീടാക്കലും പുനർനിർമാണവും | 1120000 | 0 |
| | | | 50000 | ക്ഷീര സമൃദ്ധി ജനറൽ | 50000 | 0 |
| | | | 163375 | സ്നേഹസ്പർശം | 163375 | 0 |
| | | 515021 | | ലൈഫ് വീട് (എസ് സി പി ) സ്പിൽ ഓവർ | 147641 | 367380 |
| ആകെ | | 515021 | 1550006 | | 1697647 | 367380 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | തൻവർഷം നൽകിയ മുൻകൂർ തുക | ആകെ | ചെലവഴിച്ച തുക | തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1220312 | 0 | 1220312 | 0 | 1220312 |
| കെ.എസ്.ഇ .ബി | 0 | 295418 | 295418 | 0 | 295418 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 76180 | 0 | 76180 | 0 | 76180 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ് വിവരം

ഓഡിറ്റ് വർഷം എടുത്ത വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 1,33,63,500 | 14,75,111 | 0 | 5,92,100 | | 8,83,011 |
| ലൈഫ് | 81,00,000 | 81,00,000 | 60,40,000 | 8,08,824 | --- | 1,33,31,176 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57205770 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56451996 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം

ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 867/2002 തീയതി 01.07.2014 | 2 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 1955/2007 തീയതി 01.07.2014 | 1 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 1533/2008 തീയതി 01.07.2014 | 1 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 2090/2011 തീയതി 01.07.2014 | 1 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 2090/2011 തീയതി 01.07.2014 | 3 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 1042/12 തീയതി 20.11.2013 | 3 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 2599 തീയതി 24.04.2014 | 6 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 2345/2015 തീയതി 04.11.2015 | 1 |
| | | |

| | | |
|---|---|---|
| 2014-15 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 1289/2016 തീയതി 04.11.2015 | 9 |
| 2015-16 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2123/2016 തീയതി 14.12.2016 | 16 |
| 2016-17 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2036/2017 തീയതി 20.10.2017 | 19 |
| 2017-18 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 43/2019 തീയതി 07.03.2019 | |
| 2018-19 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 1867/2019 തീയതി 03.12.20 | 30 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,<br>
തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്